കലാകൗമുദി

29 July 2017

# മത്സ്യക്കുഞ്ഞ് കേന്ദ്രത്തിന് ഒമ്പത് കോടി

കൊച്ചി: ദേശീയതലത്തിൽ വിത്തുമത്സ്യ ബാങ്കുകൾ സ്ഥാപിക്കുന്നതിന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന് കേന്ദ്രസർക്കാർ ഒമ്പത് കോടി രൂപ അനുവദിച്ചു. മോദ, വറ്റ എന്നീ കടൽ മീനുകളുടെ വിത്തുമത്സ്യ ബാങ്കുകൾ സ്ഥാപിക്കുന്നതിനാണ് സാമ്പത്തിക സഹായം. മണ്ഡപം, വിഴിഞ്ഞം ഗവേഷണ കേന്ദ്രങ്ങളിലാണ് മാതൃമത്സ്യബാങ്ക് സ്ഥാപിക്കുന്നത്. കൂട് മത്സ്യ കൃഷിക്ക് ഏറെ അനുയോജ്യമായ മോദ, വറ്റ മീൻ കുഞ്ഞുങ്ങൾ എല്ലാ സംസ്ഥാനങ്ങളിലും ലഭ്യമാക്കുകയാണ് പുതിയ പദ്ധതി ലക്ഷ്യമിടുന്നതെന്ന് ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണൻ അറിയിച്ചു.



കൃഷി ചെയ്ത വറ്റ മത്സ്യത്തിന്റെ വിളവെടുപ്പ്

മണ്ഡപം ഗവേഷണ കേന്ദ്രത്തെ കൂടുമത്സ്യകൃഷിയുടെ നോഡൽ ഹബ്ബാക്കി മാറ്റുന്ന തരത്തിലാണ് പദ്ധതി. രാജ്യത്തിന്റെ എല്ലാ ഭാഗത്തേക്കും കൃഷിക്ക് ആവശ്യമായ മീൻകുഞ്ഞുങ്ങളെ ഇവിടെ നിന്ന് വിതരണത്തിന് തയ്യാറാക്കും. പ്രാദേശിക മീൻ വിത്തുല്പാദന കേന്ദ്രങ്ങളിലൂടെയാണ് വിതരണം നടത്തുക.